# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കോരുത്തോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ/ കെ റ്റി എം പി11-1812/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/12/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻ്റ് (സെക്രട്ടറി മുഖേന)
കോരുത്തോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോരുത്തോട് ഗ്രാമപഞ്ചായത്തിൻ്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോരുത്തോട് ഗ്രാമപഞ്ചായത്തിൻ്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിൻ്റെയും അതിന്മേൽ എടുത്ത തീരുമാനത്തിൻ്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിൻ്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/ കെ റ്റി എം പി11-1812/2025 തീയ്യതി: 26/12/2025

# കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-07-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-10-2025 | 30-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-10-2025 | 30-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രാജേഷ് എം, ഓഡിറ്റ് ഓഫീസർ
ശ്രീ ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജയന്ത് ഹരി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ ഷൈൻ | പ്രസിഡന്റ് | 01-04-2024 | 17-08-2024 |
| ശ്രീമതി ജാൻസി സി എം | പ്രസിഡന്റ് | 18-08-2024 | 31-03-2025 |
| ശ്രീമതി രജനിമോൾ. റ്റി. ഡി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നിയാസ്. പി. എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-08-2024 |
| ശ്രീ സിയാദ് സി ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-09-2024 | 31-03-2025 |
| ശ്രീ അജീഷ്. കെ. ജി | അസിസ്റ്റന്റ് എഞ്ചിനിയർ (LID & EW) | 01-04-2024 | 31-03-2025 |
| ഡോ. ബിന്ദു ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (FHC) | 01-04-2024 | 17-12-2024 |
| ഡോ അഞ്ചു പി എ | മെഡിക്കൽ ഓഫീസർ (FHC) | 18-12-2024 | 31-03-2025 |
| ഡോ. ലിസി. കെ. റ്റി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 05-06-2024 |
| ഡോ. ആസിയ. എം. എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 06-06-2024 | 13-01-2025 |
| ഡോ സുധീഷ് കുമാർ എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 14-01-2025 | 31-03-2025 |
| ശ്രീ വേണുഗോപാൽ. പി. ആർ | കൃഷി ഓഫീസർ | 01-04-2024 | 30-06-2024 |
| ശ്രീമതി രേഖ പി ആർ | കൃഷി ഓഫീസർ | 01-07-2024 | 31-03-2025 |
| ശ്രീ രങ്കു സുരേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2024 | 31-03-2025 |
| ശ്രീ കണ്ണൻ. എസ്. പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി ജെനിറ്റ് ജെയിംസ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീബ രാജൻ | ഹെഡ് മിസ്ട്രസ്,ഗവ എൽപിഎസ് കുഴിമാവ് | 01-04-2024 | 31-03-2025 |
| ഡോ. സോന സണ്ണി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ട്സ് തയ്യാറാക്കുന്നതിലെ അപാകം മൂലം പഞ്ചായത്ത് ജനറൽ ഫണ്ട് നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-2 |
| 4 | പാർട്ട് ബിൽ ആയി നൽകിയ തുകകളുടെ വിവരം Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്താതെ വർഷാവസാന ഡിമാന്റ് എൻട്രി നടത്തിയിരിക്കുന്നു | 1-1-4 |
| 6 | സംയുക്തപദ്ധതികൾക്കായി ലഭിച്ച തുക വാർഷികകണക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-5 |
| 7 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസും ബി 17 പ്രകാരമുള്ള ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിലെ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-7 |
| 9 | വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ യഥാസമയം വിനിയോഗവിവരം ലഭ്യമാക്കി ക്രമീകരിക്കുന്നില്ല. | 1-1-8 |
| 10 | ആസ്തികളുടെ മൂല്യശോഷണം കണക്കാക്കിയത് കൃത്യമല്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവയിലെ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല | 1-1-11 |
| 13 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-12 |
| 14 | മുൻ വർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്ത് വരുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | ഇ-പേയ്മെന്റ് കറന്റ് അക്കൗണ്ടിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് തുക യഥാസമയം ക്രെഡിറ്റ് ചെയ്യുന്നില്ല | 1-11 |
| 25 | വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു. | 1-12 |
| 26 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |

| | | |
|---|---|---|
| 27 | ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് സംബന്ധിച്ച് | 1-14 |
| 28 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 29 | സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് - അപാകതകൾ | 1-16 |
| 30 | ആസ്തികളുടെ ലേലം-ഭരണസമിതി തീരുമാനം നടപ്പാക്കിയില്ല | 1-17 |
| 31 | വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് ഭൂരിഭാഗം പേരും എടുക്കുന്നില്ല | 1-18 |
| 32 | ചെലവഴിക്കാത്ത ഗ്രാന്റ് -വിശദാംശങ്ങളില്ല | 1-19 |
| 33 | വെള്ളക്കരം - യഥാസമയം ഒടുക്ക് വരുത്തുന്നില്ല | 1-20 |
| 34 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ കരാറുകാരന് അധിക തുക നല്കി | 1-21 |
| 35 | എസ് എസ് കെ വിഹിതം ഒടുക്കൽ -ചെലവ് വിവരം ലഭ്യമല്ല | 1-22 |
| 36 | കോർപ്പസ് ഫണ്ട് തുക ചെലവഴിക്കാതെ തിരിച്ചടച്ചു | 1-23 |
| 37 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ ശേഷിക്കുന്നു | 1-24 |
| 38 | പണം കൊടുത്തു വാങ്ങിയ തെരുവുവിളക്കുകളുടെ മീറ്ററിന് വാടക ഈടാക്കുന്നു | 1-25 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല | 1-26 |
| 40 | ശബരിമല സീസൺ തെരുവുവിളക്ക് അനുബന്ധ സാധനങ്ങൾ വാങ്ങൽ -നിർവ്വഹണത്തിൽ അപാകം | 1-27 |
| 41 | ലൈഫ് പദ്ധതിക്കായി എടുത്ത ലോൺ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു | 1-28 |
| 42 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-29 |
| 43 | ജി ബിൻ - മുഴുവൻ ബിന്നുകളും വിതരണം ചെയ്തിട്ടില്ല, ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടില്ല | 1-30 |
| 44 | ലൈഫ് ഭവനനിർമ്മാണം -തിരിച്ചടച്ച തുക തനത് ഫണ്ടിൽ അവശേഷിക്കുന്നു | 1-31 |
| 45 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 46 | അതിദാരിദ്ര്യ നിർമ്മാർജ്ജനം - ജനകീയ ഹോട്ടൽ എന്ന പ്രോജക്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു | 1-33 |
| 47 | ക്ലീൻ കേരള കമ്പനിക്ക് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നൽകി | 1-34 |
| 48 | സർക്കാർ മാർഗ്ഗ നിർദ്ദശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു | 1-35 |
| 49 | പൂർത്തീകരണം താമസിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-36 |
| 50 | ഇ-ടെൻഡർ ഫീസ്- സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള അക്കൗണ്ട് ആരംഭിച്ചിട്ടില്ല | 1-37 |
| 51 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലി ബാരൽ വില, ജി.എസ്.റ്റി. എന്നിവ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. | 1- 38 |
| 52 | ജലജീവൻ മിഷൻ പദ്ധതി -അവലോകനം | 1- 39 |
| 53 | ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം | 1-40 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---


| | | |
|---|---|---|
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം - ഈടാക്കൽ, ഒടുക്ക് വിശദാംശങ്ങൾ | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 അക്കൗണ്ട്സ് തയ്യാറാക്കുന്നതിലെ അപാകം മൂലം പഞ്ചായത്ത് ജനറൽ ഫണ്ട് നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ **Opening Balance Receipt Payment (OBRP) Data** സൂക്ഷിച്ചിട്ടില്ല. ബി-1പട്ടികപ്രകാരം 31.03.2025-ലെ പഞ്ചായത്ത് ജനറൽ ഫണ്ട് നീക്കിബാക്കി (-)1719047.17 രൂപ ആണ്. അക്കൗണ്ട്സ് തയ്യാറാക്കുന്നതിലെ അപാകം മൂലം പഞ്ചായത്ത് ജനറൽ ഫണ്ട് നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ 31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ജനറൽ ഫണ്ടിന്റെ കൃത്യതബോധ്യപ്പെട്ടിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30-06-2025 തീയതിയിലെ 6-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ (2024-25) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

തീയതി: **26-12-2025**

ഡെപ്യൂട്ടിഡയറക്ടർ

## 1-1-2 ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011തസ്വഭവ-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല അതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യത്തിന്റെ ആധികാരികതയും കൃത്യതയും ബോധ്യപ്പെട്ടിട്ടില്ല.

## 1-1-3 പാർട്ട് ബിൽ ആയി നൽകിയ തുകകളുടെ വിവരം Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻവർഷം പാർട്ട് ബിൽ ആയി നൽകിയ തുകകളുടെ വിവരം വാർഷികകണക്കിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഉൾപ്പെടുത്താത്തതിനാൽ ഷെഡ്യൂൾ **B-11(a) Capital Work In Progress** എന്ന ശീർഷകത്തിൽ നീക്കിയിരിപ്പ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-4 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്താതെ വർഷാവസാന ഡിമാന്റ് എൻട്രി നടത്തിയിരിക്കുന്നു

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ വർഷാവസാനം മാത്രം ഡിമാന്റ് എൻട്രി നടത്തിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 സംയുക്തപദ്ധതികൾക്കായി ലഭിച്ച തുക വാർഷികകണക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

സുലേഖ ചെലവ് പത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്തിൽ നിന്ന് 4398260/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രിക I-6 ഷെഡ്യൂളിൽ 2937520/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-6 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസും ബി 17 പ്രകാരമുള്ള ബാങ്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്ക് ബി- 4 പത്രിക പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അലോട്ട്മെന്റായി ലഭിച്ച തുകയിൽ ₹11276306/- നീക്കിയിരിപ്പ് ഉണ്ട് (320200104, 320200113 എന്നീ ശീർഷകങ്ങളിലെ ആകെ തുക).എന്നാൽ ബാങ്ക് അക്കൗണ്ടിൽ (ബി- 17) പ്രസ്തുത തുക ₹11360870/- ആണ്. നീക്കിയിരിപ്പ് തുകകൾ തമ്മിലുള്ള 84564/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-1-7 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിലെ തുകയുടെ കൃത്യത വ്യക്തമല്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകൾ രേഖപ്പെടുത്തുന്ന **Government/Other** ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-9 ഷെഡ്യൂളിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

## 1-1-8 വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ യഥാസമയം വിനിയോഗവിവരം ലഭ്യമാക്കി ക്രമീകരിക്കുന്നില്ല.

വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ യഥാസമയം വിനിയോഗവിവരം ലഭ്യമാക്കി ക്രമീകരിക്കുന്നില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് **B-18**ഷെഡ്യൂളിൽ **(Loans, Advances And Deposits)** നിലനിൽക്കുന്ന തുകകളുടെ ആധികാരികത വ്യക്തമല്ല.

## 1-1-9 ആസ്തികളുടെ മൂല്യശോഷണം കണക്കാക്കിയത് കൃത്യമല്ല

ജലഗതാഗതപാതകൾ പഞ്ചായത്ത് ആസ്തിയിൽ ഇല്ലാതിരുന്നിട്ടും സഞ്ചിത മൂല്യശോഷണമായി **(-)-1646829** രൂപ **B11** ഷെഡ്യൂളിൽ ഉൾപ്പെടുത്തി. ഇത് ജനറൽഫണ്ട് **Surplus/Deficit** കണക്കാക്കുന്നതിനെ ബാധിക്കുന്നതായതിനാൽ ജനറൽഫണ്ട് സംബന്ധിച്ചും അവ്യക്തത നിലനില്ക്കുന്നു.

## 1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവയിലെ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം '**Contractor's Retention** ' നീക്കിയിരിപ്പ് **128929/-** രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ തുക **87499/-** രൂപയാണ്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം കെ.എസ്.ഇ.ബി ക്ക് **1991503/-** രൂപയാണ് വിവിധ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിരിക്കുന്നത്, എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ തുക **1602819/-** രൂപയാണ്. അപാകത വിശദീകരിക്കപ്പെട്ടില്ല.

## 1-1-11 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല

**2024-25** വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

## 1-1-12 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ **58 (4)** (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തേണ്ടതാണ്. എന്നാൽ **2024-25** വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് **B-14** ഷെഡ്യൂൾ **Stock In Hand (Inventories)** -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം, പഞ്ചായത്തിന്റെ സ്റ്റോക്ക് മൂല്യം '**0**' ആണ്.

## 1-1-13 മുൻ വർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്ത് വരുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

വാർഷികകണക്കുകളിലെ ബി-4 ഷെഡ്യൂളിൽ പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ പൂർണ്ണമായും ചെലഴിക്കാതെയും തിരിച്ചടയ്ക്കാതെയും പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായി അവശേഷിക്കുന്നുണ്ട് (പട്ടിക കാണുക). മുൻ വർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്ത് വരുന്നതും ഇത്തരത്തിൽ അവശേഷിക്കുന്നതുമായ തുകകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് കഴിയുന്നില്ല.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| **1** | **320300199** | **Grants, Funds & Contributions For Specific Purposes-<br>Other Government Agencies** | **2711009.50** |
| **2** | **320700205** | **Contributions For Joint Venture Projects (For Revenue Expenditure) – From District Panchayaths** | **570000** |

| | | | |
|---|---|---|---|
| 3 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayaths | 1022204 |
| 4 | 320700404 | Contributions For Other Specific Purposes (For Revenue Expenditure) – From Block Panchayaths | 126917 |
| 5 | 320700405 | Contributions For Other Specific Purposes (For Revenue Expenditure) – From District Panchayaths | 26276 |
| 6 | 320700104 | Contributions For Joint Venture Projects (For Capital Expenditure) – From Block Panchayaths | 478211 |

## 1-2 ബജറ്റ്

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 09.02.2024 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 29.03.2025 തീയതിയിലെ 8-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും ആദ്യ ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 951979.00 | 2644748.00 |
| വരവ് | 240615614.00 | 244068164.00 |
| ആകെ | 241567593.00 | 246712912.00 |
| ചെലവ് | 240563555.00 | 244984760.00 |
| നീക്കിയിരിപ്പ് | 1004038.00 | 1728152.00 |

പുതുക്കിയ ബജറ്റ് പ്രകാരം 24.40 കോടി രൂപ വരവും 24.49 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 14.52 കോടി രൂപയും ചെലവ് 14.19 കോടി രൂപയുമാണുള്ളത്. ബജറ്റ് പുതുക്കുമ്പോൾ സാമ്പത്തിക വർഷത്തെ അതുവരെയുള്ള വരവ്-ചെലവുകൾ എല്ലാം കണക്കാക്കി ആനുപാതികമായിട്ടാണ് തുകകൾ നിശ്ചയിക്കേണ്ടത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ നിലവിൽ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 25993289.23 |
| ഓഡിറ്റ് വർഷത്തെ വരവ് | 34858885.00 |
| ആകെ | 60852174.23 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34858885.00 |
| നീക്കിയിരിപ്പ് | 25993289.23 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 145283399.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 141996846.00 |
| പ്രവർത്തന മിച്ചം | 3286553.00 |
| ആകെ മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം | 77655.00 |
| അറ്റ പ്രവർത്തന മിച്ചം | 3364208.00 |

**ബാലൻസ് ഷീറ്റ് 31-03-2025 തീയതിയിൽ**

| | |
|---|---|
| ആസ്തിമൂല്യം | 93075085.56 |

| | |
|---|---|
| ബാധ്യതകളുടെ മൂല്യം | 94794132.73 |
| ആകെ ജനറൽ ഫണ്ട് മൂല്യം | (-)1719047.17 |

ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1095837/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16804000 | | 16804000 | 15989718 | 814282 | 95.15 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8484000 | | 8484000 | 7158994 | 1325006 | 84.38 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 2496000 | | 2496000 | 2257017 | 238983 | 90.42 |
| മെയിന്റനൻസ് ഗ്രാന്റ് , റോഡ് | 0 | 12987000 | | 12987000 | 10767169 | 2219831 | 82.90 |
| മെയിന്റനൻസ് ഗ്രാന്റ് , നോൺ-റോഡ് | 0 | 5005000 | | 5005000 | 4251548 | 753452 | 84.94 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 4252177 | | 2957987 | 7472335 | 3994779 | 3477556 | 53.46 |
| | | പലിശ | 262171 | | | | |
| | | ആകെ | 3220158 | | | | |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) | 4653051 | 7519680 | | 12172731 | 3535294 | 8637437 | 29.04 |
| ദേശീയ തൊഴിലുറപ്പ് പദ്ധതി(എസ്റ്റാബ്ലിഷ്മെന്റ് ചെലവ്) | 2568 | 1350103 | | 1352671 | 1340883 | 11788 | 99.12 |
| ഐ സി ഡി എസ് | 2497457 | 934585 | | 3432042 | 1044281 | 2387761 | 30.42 |
| സാക്ഷരത | 2674 | 0 | | 2674 | 0 | 2674 | 00 |
| ശുചിത്വമിഷൻ | 888435 | 0 | | 888435 | 8213 | 880222 | 0.92 |
| ഹെൽത്ത് ഗ്രാന്റ്(ഇൻഫ്രാസ്ട്രക്ചർ) | 739338 | 324719 | | 1064057 | 142291 | 921766 | 13.37 |
| ഹെൽത്ത് ഗ്രാന്റ്(കെട്ടിടം) | 128792 | 3581 | | 132373 | 0 | 132373 | 00 |
| ഹെൽത്ത് ഗ്രാന്റ്(വെൽനസ് സെന്റർ) | 332935 | 513049 | | 845984 | 293475 | 552509 | 34.69 |
| ശബരിമല സ്പെഷ്യൽ ഫണ്ട് | 1337229 | 613000 | | 1950229 | 1411811 | 538418 | 72.39 |

- വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2978066/-രൂപ, 495337/-രൂപ 84288/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ ഈ തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ഈ വരവുകൾ ഉൾപ്പെട്ടിട്ടില്ല.
- 2957987/- രൂപ അൺടൈഡ് വിഭാഗത്തിൽ വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 262171/- ധനകാര്യ

കമ്മീഷൻ ഗ്രാന്റിന്റെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ ക്രഡിറ്റ് വന്നിട്ടുണ്ട്.

- ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ഇനത്തിൽ ട്രഷറിയിൽ ലഭ്യമായ **126987/-** രൂപയും ടൈഡ് ഇനത്തിൽ ലഭ്യമായ **703840** /-രൂപയും ലാപ്സായി.

മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം **2** ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിന്റെ **2024-25** വർഷത്തെ വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ **29-03-2024** ലെ **2(1)**.-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ **84898/24/DPC/DPO/KTM/04-03-2025** നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ച് കമ്മറ്റി തീരുമാനം | **10-12-2023** |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | **19-12-2023** |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | **10.12.2023** മുതൽ **19.12.2023** വരെ |
| ആസൂത്രണസമിതി യോഗം | **16.12.2023** |
| വികസനസെമിനാർ | **24.01.2024** |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | **10.12.2023**മുതൽ **06.01.2024**വരെ |
| ഭിന്നശേഷി ഗ്രാമസഭ | **20.12.2023** |
| ഊരുകൂട്ടം | **29.12.2023** |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| **266** | **209811928** | **184** | **63630560** | | **82** | **69.17** |

### നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| **1** | കൃഷി ഓഫീസർ | **14** | **14** | **3218452** | **3160244** | **100** |
| **2** | വെറ്ററിനറി സർജൻ | **17** | **17** | **2990590** | **2030783** | **100** |
| **3** | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം | **24** | **19** | **10642470** | **5085288** | **79.16** |
| **4** | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | **2** | **2** | **860000** | **859440** | **100** |
| **5** | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | **27** | **19** | **128947053** | **17626297** | **70.37** |
| **6** | ഐ.സി.ഡി.എസ് സൂപ്പർവൈസർ | **8** | **8** | **7022549** | **3796530** | **54.06** |
| **7** | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | **56** | **38** | **15480301** | **10900547** | **67.85** |
| **8** | ഹെഡ്മാസ്റ്റർ, | **4** | **4** | **348636** | **339596** | **97.40** |

| | | | | | | |
|---|---|---|---|---|---|---|
| | ഗവ.എൽ പി സ്കൂൾ | | | | | |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ **(LID EW)** | **95** | **49** | **37311960** | **17365655** | **51.57** |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | **1** | **1** | **199560** | **199470** | **100** |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | **18** | **13** | **2790357** | **2266710** | **72.22** |
| | ആകെ | **266** | **184** | **209811928** | **63630560** | **30.33** |

- വെറ്റിനറി സർജന്റെ ബിൽ ബുക്ക് പ്രകാരം(ബിൽ നം **05/29.05.2024**) **24000/-** രൂപ ചെലവഴിച്ചത് സുലേഖ ചെലവ് പത്രികയിൽ (പ്രോജക്ട് നം. **162/25** ധാതുലവണ മിശ്രിത വിതരണം) ഉൾപ്പെട്ടിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് **(05/25.10.2025)** നൽകിയതിൻ പ്രകാരം പരിശോധന നടത്തുകയും മേൽ പ്രോജക്ട് **'Cleared By DPC'** എന്ന സ്റ്റാറ്റസിൽ ആയിരുന്നത് **Approve** ചെയ്യുകയും നിലവിൽ സുലേഖ പത്രികയിൽ ഉൾപ്പെടുത്തുകയും ചെയ്തു.
- ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. **163/25** വയോജനങ്ങൾക്ക് കട്ടിൽ പദ്ധതിയിൽ അടങ്കൽ തുകയേക്കാൾ **(543045/-** രൂപ) കൂടുതലായി സുലേഖ ചെലവ് പത്രികയിൽ ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട് **(543803/-)** പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(06/25.10.2025)** സ്പിൽ ഓവർ പദ്ധതിയായ മേൽ പ്രോജക്ടിന്റെ ചെലവ് **27.07.2024** -ന് നടന്ന പ്രോജക്ട് റിവിഷന് മുമ്പ് ചെലവഴിച്ചിരുന്നതായും പ്രോജക്ട് റിവിഷൻ നടന്നപ്പോൾ അടങ്കൽ തുക കുറഞ്ഞുപോയതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം പ്രോജക്ട് രൂപീകരണത്തിൽ സാങ്കേതികമായ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം **2024-25** വർഷം **62** പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ **13** വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം **181** പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. **181** പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിച്ചതിൽ **62** പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. **67450** തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള **183** അയൽകൂട്ടങ്ങളിൽ മുഴുവനും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. **1853** കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ചെക്ക് ഡാം നിർമ്മാണം, ഇടക്കയ്യാല നിർമ്മാണം, നീർക്കുഴി നിർമ്മാണം, തോട് പുനരുദ്ധാരണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള **2024-25** വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് വരവ് (പലിശ, പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂർ എന്നിവ സഹിതം) | **2568.50** | **4032196.00** | **4034764.50** | **4022976.00** | **11788.50** |
| ഇ.എഫ്.എം.എസ് | **0** | **26650174.00** | **26650174.00** | **26650174.00** | **0** |
| ആകെ | **2568.50** | **30682370.00** | **30684938.50** | **30673150.00** | **11788.50** |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | **29544500/-** | **1694** |
| കർഷക തൊഴിലാളി പെൻഷൻ | **4185200/-** | **210** |
| വിധവ പെൻഷൻ | **7648440/-** | **516** |

| | | |
|---|---|---|
| 50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 384000/- | 21 |
| വികലാംഗ പെൻഷൻ | 3332600/- | 184 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 23.10.2025 -ന് 03.05 PM -ന് അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് 500/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റ് വർഷം സാമ്പത്തിക വിനിമയങ്ങളുടെ അക്കൗണ്ടിംഗ് സാമാന്യം തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്ക് തയ്യാറാക്കുന്നതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട് (ഇവ പ്രത്യേകമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). വിവിധ അക്കൗണ്ടുകളുടെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള മാസാവസാന നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകുകയും യഥാസമയം ആവശ്യമായ മാറ്റം വരുത്തി കാലികമാക്കുകയും ചെയ്യുന്നുണ്ട്. അതത് മാസങ്ങളിലെ വരവു – ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.06.2022 | 04/2022 To 12/2022 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2023 – 19.08.2023 | 2019-20 മുതൽ 2022-23 വരെ | AMG1Wing/2023-2024 /DIS-1171753/09.10.2023 |

## 1-11 ഇ-പേയ്മെന്റ് കറന്റ് അക്കൗണ്ടിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് തുക യഥാസമയം ക്രെഡിറ്റ് ചെയ്യുന്നില്ല

21-07-2023 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./20073/2023-ആർ.ഇ.വി2 നമ്പർ സർക്കുലർ പ്രകാരം, BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പെയ്മെന്റിനായി മാത്രം ഉപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീകൺസിലിയേഷൻ നടത്തി, നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കോരുത്തോട് ശാഖയിലുള്ള UPI Payment അക്കൗണ്ടിലെ (A/c No. 67394343688) തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. 30.09.2025-ൽ UPI കറന്റ് അക്കൗണ്ടിലെ ബാലൻസ് തുക ₹ 2639433/- രൂപയാണ്. സർക്കുലർ നിർദ്ദേശം പാലിക്കാതിരുന്നതിനാൽ, പഞ്ചായത്തിന് പലിശ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനം നഷ്ടമായി. റീകൺസിലിയേഷൻ പൂർത്തീകരിച്ച് പലിശ ലഭിക്കത്തക്ക വിധം കൃത്യമായ ഇടവേളകളിൽ കറന്റ് അക്കൗണ്ടുകളിൽ നിന്ന് സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക മാറ്റി നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങൾ, ഹോസ്റ്റലുകൾ, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ

ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്തതും **12/179 A** നമ്പർ നല്കിയതും **48.96** ച മീ തറവിസ്തീർണ്ണമുള്ളതുമായ സർക്കാർ കെട്ടിടത്തെ (പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി) സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(17/28.10.25)** പരിശോധിച്ച് വിവരമറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പരാമർശിത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

**2011** ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം **6** പട്ടിക **2** പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ **5** മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ **(20 %** നികുതി വർദ്ധനവ്), **1.5** മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ **(10 %** നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ **(20 %** നികുതി ഇളവ്) ' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. **1.5** മീറ്റർ മുതൽ **5** മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-**6** സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| റോഡിന്റെ പേര് | കെട്ടിട നമ്പർ | ഉടമസ്ഥൻ | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായിപരിഗണിച്ചിരിക്കുന്ന തരം (ഫോം- **6** പ്രകാരം) |
|---|---|---|---|
| പുഞ്ചവയൽ-കുഴിമാവ് റോഡ് | **10/ 226 D** | ഷീബാ വി | **1.5** മീറ്ററോ അതിൽ കുറവ് |
| | **10/248 A** | സാബു കെ ആർ | **5** മീറ്ററോ അതിൽ കുടുതൽ |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(16/28-10-2025)** ഇതു സംബന്ധിച്ച പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് സംബന്ധിച്ച്

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി **2011** ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം **6** പട്ടിക **1** പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം (നികുതിയിളവ് ഇല്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് **10 %** നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് **20%** നികുതി ഇളവ്) എന്നീ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയർ നിന്ന് ലഭ്യമായ ഫോം-**6** സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ തന്നെ ഒരേ കെട്ടിടത്തിലെ വിവിധ മുറികളെ/സമീപകെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട നമ്പർ | മേഖല |
|---|---|---|---|
| **1** | വിനോദ്. കെ. എ | **11/261 A** | തൃതീയം |
| | | **11/261 C** | ദ്വിതീയം |

| | | | |
|---|---|---|---|
| 2 | അനിൽ കുമാർ പി | 11/317 A | ദ്വിതീയം |
| | | 11/317 B | തൃതീയം |

ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-15/28.10.25) പരാമർശിത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം പുന പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 18 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് /സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2024-25 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ടി ആർ ആന്റ് ടി എസ്റ്റേറ്റ്, കൊമ്പുകുത്തി | 1 & 2 |
| 2 | ക്ഷീരോത്പാദക സഹകരണ സംഘം, കുഴിമാവ് | 1 & 2 |
| 3 | അക്ഷയ സെന്റർ, മടുക്ക | 1 & 2 |
| 4 | അക്ഷയ സെന്റർ, പള്ളിപ്പടി | 1 & 2 |

സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/15.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് - അപാകതകൾ

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് എടുക്കേണ്ട മുളമൂട്ടിൽ ഫിനാൻസ് എന്ന സ്ഥാപനം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.
2. ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം 137 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തപ്പോൾ 2024-25 വർഷം 119 ലൈസൻസ് ആണ് നല്കിയിട്ടുള്ളത് . ലൈസൻസ് പരിധിയിലുള്ള സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞതിൽ നിന്നും ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് കണക്കാക്കേണ്ടിയിരിക്കുന്നു.
3. ഔദ്യോഗിക ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്ത് പ്രദേശത്തെ ട്രേഡർമാരുടെ ലൈസൻസ് ഡിമാന്റ് പൂർണ്ണമാണോ എന്നതിൽ വ്യക്തതയില്ല. പഞ്ചായത്ത് വസ്തുനികുതി ഡേറ്റാബേസ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 500ൽ അധികം കെട്ടിടങ്ങൾ നമ്പറിങ്ങ് നടത്തി വാണിജ്യ-വ്യവസായങ്ങൾ എന്ന ഉപയോഗക്രമങ്ങളിലുണ്ട്. ടി കെട്ടിടങ്ങളിലെ ട്രേഡർമാരെല്ലാം ലൈസൻസ് പരിധിയിലുണ്ടോ എന്ന് വ്യക്തമാക്കുന്ന വിശദാംശങ്ങൾ ലഭ്യമല്ല. പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ വിവരം ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഡി.സി.ബി.-യും തയ്യാറാക്കിയിട്ടില്ല. ട്രേഡർമാരുടെ കൃത്യമായ ഡേറ്റാബേസിന്റെ അഭാവം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് IFTE & OS ലൈസൻസ് ചട്ടങ്ങളുടെ ലംഘനത്തിനും തനത് വരുമാന നഷ്ടത്തിനും ഇടയാക്കും.

അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/28-10-2025) മറുപടിയായി ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ്

പരിധിയിൽ കൊണ്ടുവരുമെന്ന് അറിയിച്ചു.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് വിവരം അറിയിക്കേണ്ടതാണ്.

## 1-17 ആസ്തികളുടെ ലേലം-ഭരണസമിതി തീരുമാനം നടപ്പാക്കിയില്ല

**11/09/2024** ലെ **5(1)** ഭരണസമിതി തീരുമാനപ്രകാരം കോരുത്തോട് ഗ്രാമപഞ്ചായത്ത് വാർഡ് **6** ലെ **85**-ാം നമ്പർ അങ്കണവാടിയുടെ പരിസരത്ത് ഭീക്ഷണിയായി നിൽക്കുന്ന പ്ലാവ് ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു.തീരുമാനത്തിന്റെ തുടർനടപടി വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(10/27-10-2025)** മറുപടിയായി തടി ലേലം നടത്തിയപ്പോൾ ആരും പങ്കെടുത്തില്ലെന്നും വാല്യുവേഷൻ പുനർനിശ്ചയിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് ഭൂരിഭാഗം പേരും എടുക്കുന്നില്ല

**1994**ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് **254**, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം **4** പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പേവിഷ നിയന്ത്രണം **(32/25)** പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ **311** വളർത്തുനായകൾക്ക് പ്രതിരോധകുത്തിവെപ്പ് എടുത്തതായി രേഖപെടുത്തിയിട്ടുണ്ട് . എന്നാൽ വളർത്തുനായ്ക്കളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം **30** ൽ താഴെ വളർത്തുനായകൾക്ക് മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു.വളർത്തുനായ്ക്കളുടെ ലൈസൻസ് സംബന്ധമായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(8/27-10-2025)** മറുപടിയായി പഞ്ചായത്തിലെ മുഴുവൻ വളർത്ത് നായ്ക്കളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു .ബഹു. കേരള ഹൈക്കോടതിയുടെ **14.07.2021, 19.07.2021** തീയതികളിലെ ഇടക്കാല ഉത്തരവ് നമ്പർ **W.P(C) No.13204/2021** പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങൾക്കും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതുണ്ട്. നായകളുടെ കടിയേൽക്കുന്ന വ്യക്തികൾക്ക് ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകേണ്ടി വന്ന സാഹചര്യവും ഇതോടു ചേർത്ത് കാണേണ്ട വസ്തുതയാണ്. നായ്ക്കളിൽ നിന്ന് പേവിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ **08.08.2021**-ലെ **RC3/241** നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും മുഴുവൻ വളർത്തു നായകൾക്കും ലൈസൻസ് നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ചെലവഴിക്കാത്ത ഗ്രാന്റ് -വിശദാംശങ്ങളില്ല

വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റ് ബി-**9** ഷെഡ്യൂളിൽ “**350400999-Refund Of Unutilised Grants- Prior Period** " എന്ന ശീർഷകത്തിൽ **52259/-** രൂപ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും ചെലവഴിക്കാത്ത പ്രസ്തുത തുക നിശ്ചിത ശീർഷകത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ടോ എന്നും അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(13/28.10.2025)** മറുപടിയായി തുകയുടെ വിവരം ശേഖരിച്ച് തിരിച്ചടക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. ബാധ്യതയായി നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ കൃത്യമായി പരിശോധിച്ച് നിശ്ചിത ശീർഷകത്തിൽ അടച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 വെള്ളക്കരം - യഥാസമയം ഒടുക്ക് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ **2024-25** വർഷാരംഭത്തിൽ വെള്ളക്കരം കുടിശിക **262929/-** രൂപയായിരുന്നു. ആയത് വർഷാവസാനം **392726/-** രൂപയായി വർദ്ധിച്ചിരിക്കുന്നു. പഞ്ചായത്തിൽ **51** ടാപ്പുകൾക്ക് (പ്രതിവർഷം **14559/-** രൂപ നിരക്കിൽ) **61876/-** രൂപയാണ് പ്രതിമാസമുള്ള വെള്ളക്കരം. വാട്ടർ അതോറിറ്റി ബില്ലുകൾ പരിശോധിച്ചതിൽ വെള്ളക്കരം യഥാസമയം ഒടുക്കു വരുത്താത്തതാണ് പിഴ ഇനത്തിൽ കുടിശികയാകുന്നത് എന്ന് കാണുന്നു. **2024-25** വർഷം താഴെ പറയുന്ന ബില്ലുകൾ പ്രകാരം **12** മാസത്തെ തുക **742512/-** രൂപയും **2023-24** വർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട**123752/-** രൂപയും ഉൾപ്പെടെ **866264/-** രൂപ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട് ജനറലിൽ നിന്നുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൺസ്യൂമർ നം | **155/25** |

| | |
|---|---|
| പ്രോജക്റ്റ് നം | 12/25 |
| ചെലവ് വിവരം | 123752/- ബിൽ നം/തീ 6/16-03-2024<br>247504/-ബിൽ നം/തീ 25/2-8-2024<br>247504/-ബിൽ നം/തീ 36/17-12-2024<br>61876/-ബിൽ നം/തീ 40/1-1-2025<br>61876/-ബിൽ നം/തീ 56/22-3-2025<br>ആകെ- 866264/- രൂപ |

ഗ്രാമപഞ്ചായത്തിൽ നിന്നും പ്രതിമാസ വെള്ളക്കരം മാത്രം കണക്കാക്കിയാണ് തുക അടക്കുന്നതെങ്കിലും വാട്ടർ അതോറിറ്റി കുടിശിക ഉൾപ്പെടെയുള്ള തുകയിൽ നിന്നും കുറവ് വരുത്തുന്നതിനാൽ ഫലത്തിൽ യഥാസമയം വെള്ളക്കരം ഒടുക്കാതിരിക്കുന്നതിനുള്ള ഫൈനും ഡിമാന്റ് ചെയ്യുന്നുണ്ട്. മാർച്ച് 2025 ന് വാട്ടർ അതേറിറ്റി ബിൽ പ്രകാരം 330850/- രൂപ കുടിശിക ആണ്. യഥാസമയം വെള്ളക്കരം അടക്കാത്തതിന്റെ കുടിശിക ആയതിനാൽ ഈ തുക അടക്കാൻ പഞ്ചായത്ത് ബാധ്യസ്ഥമാണ്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/25-10-2025) പഞ്ചായത്ത് വെള്ളക്കരം കൃത്യമായി ഒടുക്കുന്നുണ്ട് എന്ന് മറുപടി നല്കി എന്നാൽ 2024-25 വർഷം 12 മാസത്തെ വെള്ളക്കരം 4 ബില്ലുകൾ പ്രകാരമാണ് നല്കിയത്. ഇതിൽ നിന്നും അതത് മാസം വെള്ളക്കരം ഒടുക്കുന്നില്ല എന്ന് വ്യക്തമാണ്. കൃത്യ സമയത്ത് വെള്ളക്കരം ഒടുക്കുന്നതിൽ വരുത്തുന്ന വീഴ്ചമൂലം ഫൈൻ അടക്കേണ്ടി വന്നാൽ ആയത് സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. അതിനാൽ വെള്ളക്കരം യഥാസമയം ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ കരാറുകാരന് അധിക തുക നല്കി

| | |
|---|---|
| പ്രോജക്റ്റ് / നമ്പർ | ശബരിമല തീർത്ഥാടനം-വിവിധ വാർഡുകളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ, 300/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം /അടങ്കൽ | വികസന ഫണ്ട് (ജനറൽ) , 168960/- |
| ചെലവ് | 168960/-(ബിൽ നം തീ 57/24-03-2025) |

2024-25 വർഷം എൽ ഇ ഡി തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിന് വേണ്ടി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 300/25 നമ്പർ പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. വികസനഫണ്ടിൽ (ജനറൽ) നിന്നും 168960/- രൂപ വകയിരുത്തിയ പ്രോജക്റ്റിന് ഇതേ തുക ചെലവഴിച്ചിട്ടുണ്ട്. 19-12-2024 ലെ എസ് സി 1-1122/24 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം 24 വാട്സ് എൽ ഇ ഡി ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് ഇലക്ട്രിക് പോസ്റ്റിൽ സ്ഥാപിച്ച് 1 വർഷം പരിപാലിക്കുന്നതിനുള്ള നിരക്കാണ് കരാറുകാർ രേഖപ്പെടുത്തേണ്ടിയിരുന്നത്. 24 വാട്സ് എൽ ഇ ഡി ബൾബിന് (LDR കണക്റ്റ് ചെയ്ത്) 1950/- രൂപയും, 20 വാട്സ് എൽ ഇ ഡി ബൾബിന് (LDR കണക്റ്റ് ചെയ്ത്) 1280/- രൂപയും രേഖപ്പെടുത്തിയ ശ്രീ.വിനോദ് റ്റി കെ യെ ആണ് കരാറുകാരനായി ഭരണ സമിതി തെരഞ്ഞെടുത്തത്. പഞ്ചായത്തിലെ 13 വാർഡുകളിലായി 132 എണ്ണം 20 വാട്സ് എൽ ഇ ഡി ബൾബ് (LDR കണക്റ്റ് ചെയ്ത്) സ്ഥാപിച്ചതിന് 168960/- രൂപ കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. കരാറുകാരൻ ഹാജരാക്കിയ 184/21-3-2025 ഇൻവോയ്സ് പ്രകാരം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | 1 No(with GST) | 132 No(with GST) |
|---|---|---|
| 20W LED Bulb (ജി എസ് റ്റി ഉൾപ്പെടെ) | 190 | 25080 |
| Holder REO | 24 | 3168 |
| LDR Sensor KELL | 240 | 31680 |
| Shade Lumini | 16 | 2112 |
| Insulation Tape 7 | 2.04 | 270 |
| 1.5 Mm Aluminium Wire 30 | 14.85 | 1960 |
| Total | 486.89 | 64270 |
| AMC | 793.10 | 104690 |
| | 1279.99=1280 | 168960 |

പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ടെണ്ടർ നോട്ടീസ് പ്രകാരം ആവശ്യപ്പെട്ടിരുന്നത് സ്ട്രീറ്റ് മെയിൻ ഇല്ലാത്ത ഇലക്ട്രിക് പോസ്റ്റുകളിൽ **Weather Proof With Rain Guard Shield LED Light With Fittings 24W** സ്ഥാപിക്കുന്നതിനുള്ള നിരക്ക് ആയിരുന്നു. പൊതുമാർക്കറ്റിൽ സമാനരീതിയിലുള്ള ലൈറ്റുകൾ വിവിധ വിലകളിൽ (**1000**മുതൽ **2000** വരെ) ലഭ്യമാണ് . എന്നാൽ കരാറുകാരൻ സ്വന്തം നിലയിൽ അസംബിൾ ചെയ്തെടുക്കുന്ന ലൈറ്റാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിന് കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരം **487/-** രൂപ മാത്രമാണ് വില. ഈ ലൈറ്റിലെ ഓരോ ഘടകത്തിനും (ബൾബ്, സെൻസർ) **1** വർഷ കമ്പനി വാറന്റി ഉള്ളവയാണ് എന്നിരിക്കെ മാറ്റി സ്ഥാപിക്കുന്നതിന് കൂലിച്ചിലവ് മാത്രം മതിയാകും. കരാറുകാരൻ ഹാജരാക്കിയ ബില്ല് പരിശോധിച്ചതിൽ ഒരു വർഷത്തെ **AMC** ചാർജിനത്തിൽ ലൈറ്റ് ഒന്നിന് **793/-** രൂപ ഈടാക്കിയിട്ടുള്ളതായി കാണുന്നു (സാധന വിലയുടെ ഇരട്ടിയോളം തുക). എന്നാൽ കരാറുകാരൻ ആവശ്യപ്പെട്ടിട്ടുള്ളത് അമിത നിരക്കാണ് എന്ന് കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞില്ല.

അപാകതയിൽ കൂടുതൽ വ്യക്തത വരുന്നതിന് ഇതേ കരാറുകാരൻ കോരുത്തോട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന പാറത്തോട് ഗ്രാമപഞ്ചായത്തിൽ **2024-25** വർഷം ഇതേപ്രവൃത്തി ചെയ്തതിന് **03/25** ൽ നല്കിയ ബില്ല് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| **Item** | **1 No With LDR** | **1 No Without LDR** |
|---|---|---|
| **26W LED Bulb Wipro** (ജി എസ് റ്റി ഉൾപ്പെടെ) | **185** | **185** |
| **Holder REO** | **22** | **22** |
| **LDR Sensor KELL** | **245** | ഇല്ലാതെ |
| **Shade Lumini** | **16** | **16** |
| **Insulation Tape 7** | **1.16** | **1.22** |
| **1.5 Mm Aluminium Wire 30** | **11.20** | **11.61** |
| **Total** | **480.36** | **235.83** |
| **AMC** | **816** | **212.16** |
| ആകെ | **1296** | **448** |

**മേൽ പറഞ്ഞ നിരക്കുകൾ താരതമ്യം ചെയ്തതിൽ ശ്രദ്ധയിൽ പ്പെട്ട വിവരം ചുവടെ ചേർക്കുന്നു.**

- പാറത്തോട് ഗ്രാമപഞ്ചായത്തിൽ **26W LED Bulb Wipro** (ജി എസ് റ്റി ഉൾപ്പെടെ) **185/-** രൂപക്ക് നല്കിയപ്പോൾ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ **20 W LED Bulb Wipro** (ജി എസ് റ്റി ഉൾപ്പെടെ) വിതരണം ചെയ്തതിന് **190/-** രൂപ വീതം വാങ്ങി
- പാറത്തോട് ഗ്രാമപഞ്ചായത്തിൽ **LDR Sensor** ഇല്ലാത്ത **26W LED Bulb Wipro** (ജി എസ് റ്റി ഉൾപ്പെടെ) ലൈറ്റിന് **AMC** ഇനത്തിൽ **212/-** രൂപ ഈടാക്കിയപ്പോൾ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ **20 W LED Bulb Wipro** (ജി എസ് റ്റി ഉൾപ്പെടെ) ക്ക് **245** രൂപയുടെ സെൻസർ ഉൾപ്പെടുത്തി എന്ന കാരണത്താൽ **AMC** ഇനത്തിൽ **793/-** രൂപ വീതം വാങ്ങിയത് നീതീകരിക്കാവുന്നതല്ല.
- ടെണ്ടർ നോട്ടീസ് പ്രകാരം **1200** രൂപക്ക് മുകളിൽ വിലവരുന്ന ബ്രാന്റഡ് സ്ട്രീറ്റ് ലൈറ്റ് വിതരണത്തിന് ടെണ്ടർ ക്ഷണിച്ചപ്പോൾ കരാറുകാരൻ സ്വന്തം നിലയിൽ അസംബിൾ ചെയ്തതും പരമാവധി **480/-** രൂപ വില വരുന്നതുമായ ലൈറ്റാണ് വിതരണം ചെയ്തത് .

അപാകതയിലുള്ള പഞ്ചായത്തിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കി **3/25-10-2025** ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി വിഷയം കരാറുകാരന്റെ (ശ്രീ. വിനോദ് **T.K.**) ശ്രദ്ധയിൽപ്പെടുത്തിയതായും നടപ്പുവർഷം **LDR Sensor** ഉള്ള **20 W LED Bulb 930/-** രൂപക്കും (മുൻവർഷം**1950/-** രൂപ) **LDR Sensor** ഇല്ലാത്ത **20 W LED Bulb 600/-** രൂപക്കും (മുൻവർഷം**1280/-** രൂപ) ചെയ്യാൻ സമ്മതമറിയിച്ചതായും അറിയിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥൻ യഥാർത്ഥചെലവ് സംബന്ധിച്ച് വിദഗ്ധരിൽ നിന്നും അഭിപ്രായം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിന്മേൽ അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 എസ് എസ് കെ വിഹിതം ഒടുക്കൽ -ചെലവ് വിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽവരുന്ന സ്കൂളുകളിൽ എസ്എസ് കെ പദ്ധതിയുടെ ഭാഗമായി നടത്തുന്ന വിവിധ പ്രവർത്തനങ്ങൾക്കായി ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ **29-05-2024** -ലെ ഡി**116/ 24-25**

/ബിആർസി നമ്പർ കത്ത് പ്രകാരം **7,69,900**/-രൂപ ഡിമാന്റ് ചെയ്തിരുന്നു. പാഠപുസ്തകം, യൂണിഫോം, ക്വസ്റ്റ്യൻപേപ്പർ എന്നിവയുടെ വിതരണം, വിവിധ ഗ്രാന്റുകൾ നൽകൽ, സിവിൽ വർക്കുകൾ, അധ്യാപകപരിശീലനം , ഐ ഇ ഡി സി പ്രവർത്തനങ്ങൾ, വിവിധ തെറാപ്പി സെന്ററുകളുടെ പ്രവർത്തനം,കുട്ടികൾക്ക് നൽകുന്ന വിവിധ അലവൻസുകൾ എന്നിവയ്ക്ക് ചെലവഴിക്കുന്ന തുകയുടെ **40%** തുകയാണ് തദ്ദേശ സ്ഥാപന വിഹിതമായി നല്കേണ്ടത് . കോരുത്തോട് ഗ്രാമപഞ്ചായത്തിൽ **2024-25** വർഷം മേൽപറഞ്ഞ കാര്യങ്ങൾക്കായി **14.36** ലക്ഷം ചെലവഴിക്കുമെന്നും ആയതിന്റെ **40%** തുക **5.75** ലക്ഷം പഞ്ചായത്ത് അടക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിൻ പ്രകാരം പഞ്ചായത്ത് ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് /നമ്പർ | ഫണ്ടിനം /ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| **SSK** വിഹിതം **6/2025** | **100000**/- വികസനഫണ്ട് (ജനറൽ), ബിൽ നം **17 /19-9-24** | സെക്രട്ടറി |
| **SSK** വിഹിതം **7/2025** | **100000**/-വികസനഫണ്ട് **(SCP)**,ബിൽ നം **18/19-9-24** | -ടി- |
| **SSK** വിഹിതം **8/2025** | **100000**/-വികസനഫണ്ട് **(TSP)**,ബിൽ നം **19 /19-9-24** | -ടി- |
| ആകെ | **300000/-** | |

വിദ്യാഭ്യാസ മേഖലയിൽ വികസനപദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും നിബന്ധനകളും സംബന്ധിച്ച് മാർഗ്ഗരേഖാ ഉത്തരവിൽ അദ്ധ്യായം **8** ഖണ്ഡിക **8 .6 (1)** പ്രകാരം എസ്എസ് കെ പ്രോജക്ടിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണപങ്കാളിത്തത്തോടെ ആയിരിക്കണമെന്നും പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്രശിക്ഷാകേരളം വിശദാംശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്എസ് കെ- യ്ക്ക് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ, /പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ എസ്എസ് കെ പ്രോജക്ട് ഓഫീസർ അതത് തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കണമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരം എസ്എസ് കെ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ / കർമ്മപരിപാടികൾ പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ തയ്യാറാക്കിയിട്ടുള്ളതായോ ആയത് പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതായോ ഫയലിൽ രേഖകളില്ല. ഗ്രാമപഞ്ചായത്ത് കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടുമില്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ **2/25-10-2025** നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിനിയോഗവിവരം ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. ചെലവ് വിവരം ലഭ്യമാകുന്നത് വരെ ഈ ഇനത്തിലുള്ള **3** ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 കോർപ്പസ് ഫണ്ട് തുക ചെലവഴിക്കാതെ തിരിച്ചടച്ചു

കോരുത്തോട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കമ്മ്യൂണിറ്റി ഹാൾ ,സ്ഥാപിക്കുന്നതിനായി **2014-15** വർഷം **16.5** ലക്ഷം രൂപ സംയോജിത പട്ടിക വർഗ്ഗ പ്രോജക്ട് ഓഫീസർ ,കാഞ്ഞിരപ്പള്ളി അനുവദിക്കുകയും **20-01-2015** ൽ സി**1-2178/14(1)** നമ്പർ ഉത്തരവ് പ്രകാരം **14** ലക്ഷം രൂപ ലഭിക്കുകയും ചെയ്തിരുന്നു. മാങ്ങാപ്പേട്ട എന്ന സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും പണി ആരംഭിക്കുകയും ചെയ്തെങ്കിലും വസ്തു തർക്കം കാരണം പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. മാറി വന്ന ഭരണ സമിതികൾക്ക് തർക്കം പരിഹരിച്ച് പ്രവൃത്തി പൂർത്തിയാക്കാനോ , പുതിയ സ്ഥലം കണ്ടെത്താനോ കഴിഞ്ഞില്ല. സംയോജിത പട്ടിക വർഗ്ഗ പ്രോജക്ട് ഓഫീസർ ആവശ്യപ്പെട്ട പ്രകാരം തുക പലിശ സഹിതം **2258047**/- രൂപ തിരിച്ചടച്ചിട്ടുണ്ട്. തുക ഒടുക്കിയ ശേഷം പലിശ ഈനത്തിൽ ലഭിച്ച **4724**/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ട് പ്രസ്തുത തുകയും തിരികെ ഒടുക്കി അക്കൗണ്ട് ക്ലോസ്ചെയ്യേണ്ടതാണ്. പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച തുക വിനിയോഗിക്കാതെ തിരിച്ചടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-24 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ ശേഷിക്കുന്നു

**2024-25** വർഷത്തെ വാർഷികകണക്കുകളിലെ ബി-**18** ഷെഡ്യൂൾ പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് നൽകിയതിൽ **16000**/-രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക സംബന്ധിച്ച വിശദാംശങ്ങളും

മേൽ തുക ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/24.10.2025) മറുപടിയായി മുൻ അക്കൗണ്ടന്റ് സക്കീർ ഹുസൈൻ 12000/- രൂപയും മുൻ ഡ്രൈവർ സജുമോൻ കെ കെ 4000/- രൂപയും അടക്കാനുണ്ടെന്നും, ഇവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. വൗച്ചർ നമ്പർ 22400275/17.08.24 പ്രകാരം നൽകിയ ഫെസ്റ്റിവൽ അഡ്വാൻസിൽ ലഭ്യമാകാനുള്ള തുക പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കുന്നത് വരെ 16000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പണം കൊടുത്തു വാങ്ങിയ തെരുവുവിളക്കുകളുടെ മീറ്ററിന് വാടക ഈടാക്കുന്നു

സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളുടെ പരിശോധനയുടെ ഭാഗമായി സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ചാർജ് ബില്ലുകൾ പരിശോധിച്ചതിൽ, KSEB യിൽ നിന്നും ലഭിക്കുന്ന, 22 മീറ്ററുകളുടെ റീഡിംഗ് പ്രകാരമാണ് സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുത ചാർജ് അടയ്ക്കുന്നത് എന്നും ബില്ലുകൾ പരിശോധിച്ചതിൽ മീറ്ററൊന്നിന് 6/- രൂപ പ്രകാരം മീറ്റർ വാടക ഒടുക്കി വരുന്നതായും കാണുന്നു. ഇതു പ്രകാരമുള്ള വാർഷിക ചെലവ് 1584/-രൂപയാണ് (22X6X12). കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 31-01-2014 ലെ No. 215/DD/T&D(Rev)2014/KSERC നം നോട്ടിഫിക്കേഷൻ 109/4 പ്രകാരം വൈദ്യുത മീറ്റർ ഉപഭോക്താവ് വാങ്ങുകയാണെങ്കിൽ മീറ്റർ വാടക വാങ്ങാൻ കഴിയില്ല. എന്നാൽ പഞ്ചായത്തിലെ മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളുടെ മീറ്ററുകൾക്കും വാടക ഈടാക്കിയിട്ടുണ്ട്. പ്രസ്തുത മീറ്ററുകൾ ഇലക്ട്രിസിറ്റി ബോർഡ് സ്വന്തം ചെലവിൽ സ്ഥാപിച്ചതാണോ, ബോർഡ് നല്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക (മീറ്റർ വില അടക്കം) പഞ്ചായത്ത് അടവാക്കി വാങ്ങിയതാണോ എന്ന വിവരം രേഖാമൂലം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ 14/28-10-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിഷയം പരിശോധിച്ചും KSEB യിൽ നിന്നുള്ള മറുപടി കൂടി പരിഗണിച്ചും തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. ഭരണസമിതി വിഷയം പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല

2024-25 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കൽ 244/25 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 414/22.03.25 രൂപ 676480/- 303/28.02.25 രൂപ 27090/- ആകെ 703570/- | 703570 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| കെ എസ് ഇ ബി | ശബരിമല തീർത്ഥാടനം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ 254/25 (ശബരിമല ഫണ്ട്) | 24/04.07.24 | 17754 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | |
| | ആകെ | | 721324 | | |

നിക്ഷേപ പ്രവൃത്തികൾക്കായി 721324/- രൂപ ഭൂജലവകുപ്പ്/കെ എസ് ഇ ബി യിലായി ഓഡിറ്റ് വർഷം നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ 721324/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ശബരിമല സീസൺ തെരുവുവിളക്ക് അനുബന്ധ സാധനങ്ങൾ വാങ്ങൽ -നിർവ്വഹണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് /നമ്പർ | ശബരിമല സീസൺ തെരുവുവിളക്ക് അനുബന്ധ |

| | |
|---|---|
| | സാധനങ്ങൾ വാങ്ങൽ 181/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം/ അടങ്കൽ | ശബരിമല സ്പെഷ്യൽ ഫണ്ട് ,1000000/- |
| ചെലവ് | 999531/-(ചെക്ക് നം /തീ 208219 തീ 4/7/2024 ) |

പ്രവൃത്തിയുടെ നിർവ്വഹണം കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, പി എം സി ആയാണ് ചെയ്തിട്ടുള്ളത്. പി എം സി ആയി പ്രവൃത്തി ഏറ്റെടുക്കുമ്പോൾ ടെണ്ടർ ക്ഷണിക്കുക, കരാറുകാർക്കുള്ള ബില്ല് പരിശോധിച്ച് തുക ശുപാർശ ചെയ്യുക, നിർദ്ദേശാനുസരണമാണ് കരാറുകാരൻ പ്രവൃത്തി നടത്തിയതെന്ന് ഉറപ്പാക്കുക തുടങ്ങിയവയായിരുന്നു കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് ചെയ്യേണ്ടിയിരുന്നത്. പഞ്ചായത്ത് സെക്രട്ടറി, ഡെപ്യൂട്ടി ജനറൽ മാനേജർ KEL, മാനേജിംഗ് ഡയറക്ടർ , കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ് എന്നിവർ ചേർന്ന് തയ്യാറാക്കിയ ത്രികക്ഷികരാർ വ്യവസ്ഥ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- കരാർ വ്യവസ്ഥ പ്രകാരം കരാർ തുകയുടെ 3% (23530/-) സെക്യൂരിറ്റി നിക്ഷേപമായി കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ് പഞ്ചായത്തിൽ അടക്കേണ്ടായിരുന്നെങ്കിലും ആയത് അടവാക്കിയിട്ടില്ല.സെക്യൂരിറ്റി നിക്ഷേപം ഒടുക്കു വരുത്താതെ പ്രവൃത്തി ഏൽപ്പിച്ചത് നിയമാനുസൃതമല്ല.2 വർഷ വാറന്റി ഉള്ള പ്രവൃത്തിയായതിനാൽ ഈ കാലയളവിലുണ്ടാകുന്ന കരാറുകാരൻ കാരണമുണ്ടാകുന്ന നഷ്ടം നികത്താൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടു
- സ്ട്രീറ്റ് ലൈറ്റ് GEM വഴി KEL വാങ്ങി കരാർ ഏജൻസിക്ക് നല്കുമെന്നായിരുന്നു വ്യവസ്ഥ എങ്കിലും മുഴുവൻ തുകയും കല്ലൂർ ഇലക്ട്രോണിക്സ് & ലൈറ്റിംഗിന് നല്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ യഥാർത്ഥ വിലക്കുള്ള സാധനമാണ് ലഭിച്ചത് എന്ന് ഉറപ്പു വരുത്താൻ കഴിയുന്നില്ല
- വാങ്ങി സ്ഥാപിച്ച സാധനങ്ങൾ ടെണ്ടർ നോട്ടീസിൽ പറഞ്ഞിരുന്ന പ്രകാരമാണെന്ന് പി എം സി ഏജൻസിയായ KEL പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- കരാർ ലംഘനത്തിനെതിരെ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 11/28-10-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പി എം സി ആയി പ്രോജക്ട് നടപ്പാക്കുന്നതിലെ ധാരണക്കുറവാണ് അപാകതക്ക് കാരണമെന്ന് അറിയിച്ചു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ പാലിച്ചാണ് പ്രോജക്ട് നിർവ്വഹണം നടത്തുന്നത് എന്നും ,കരാർവ്യവസ്ഥകൾ പാലിക്കപ്പെടുന്നു എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-28 ലൈഫ് പദ്ധതിക്കായി എടുത്ത ലോൺ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിക്കായി പഞ്ചായത്ത് കെ യു ആർ ഡി എഫ് സി അനുവദിച്ച ലോൺ തുകയിൽ നിന്നും ഗുണഭോക്താക്കൾക്ക് നല്കാനുള്ള തുക ആവശ്യാനുസരണം പിൻവലിച്ച് പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഉടൻ തന്നെ അർഹരായ ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്യേണ്ടത്. എന്നാൽ 2024-25 വർഷം ഇത്തരത്തിൽ അനുവദിച്ച ലോൺ തുക പൂർണ്ണമായും പിൻവലിച്ച് പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് .( എസ്ബിഐ ഗ്രാന്റ് ഫണ്ട് (67383176572) അക്കൗണ്ടിലെ 8077042/- രൂപയും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ 337102010017778 നമ്പർ അക്കൗണ്ടിലെ 640867/- രൂപയും ഉൾപ്പെടെ 87.17 ലക്ഷം രൂപ 31-3-2025 ൽ നീക്കിയിരിപ്പ് ഉണ്ട്). സർക്കാർ പലിശ അടക്കുന്ന തുകയായതിനാൽ ആവശ്യത്തിൽ കൂടുതൽ ലോൺ തുക പിൻവലിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. ആവശ്യമുളളതിൽ കൂടുതൽ ലോൺ തുക പിൻവലിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ, 140/25 |
| അടങ്കൽ | 150000/-, (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | 150000/-,(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |

| | |
|---|---|
| ബിൽ നം, തീയതി | **284/ 28.01.2025** |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്എച്ച് സി |

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഹോമിയോ ക്ലിനിക്കിലേക്ക് മരുന്നു വാങ്ങുന്നതിനായി മേൽ പറഞ്ഞ ബിൽ പ്രകാരം ഹോംകോ-യ്ക്ക് **150000/-** നൽകിയിരുന്നു. എന്നാൽ ലഭ്യമാക്കിയ ടാക്സ് ഇൻവോയിസുകൾ പ്രകാരം (നം. **LF-622/03.07.2025, LF-1769/13.10.2025)** പ്രകാരം യഥാക്രമം **116734/-** രൂപയുടെയും, **28017/-** രൂപയുടെയും ഉൾപ്പെടെ **144751/-** രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി **5249/-** രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ **5249/-** രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ജി ബിൻ - മുഴുവൻ ബിന്നുകളും വിതരണം ചെയ്തിട്ടില്ല, ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് /നം | ജി ബിൻ വാങ്ങൽ , **291/25** |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | **157680/-**, ധനകാര്യ കമ്മീഷൻ ഗ്രാന്റ് **+15768/-**, ഗുണഭോക്തൃ വിഹിതം = **173448/-** |
| ചെലവ് | **131600/-**, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം., /തീയതി | **407/22.03.2025** |

ജീ-ബിൻ വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം 'ഈ നാട് യുവജന കോ-ഒപ്പറേറ്റീവ് സൊസൈറ്റി'യിൽ നിന്നും ഇൻവോയ്സ് നം. **B2B-0082, 15.03.2025** പ്രകാരം, ഒന്നിന് **3655/-** രൂപ നിരക്കിൽ **40** ജി-ബിന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ **39** ബിന്നുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള ഒരു ജി - ബിൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും കൂടാതെ രസീത് ബുക്ക് നം. **25717** രസീത് നം. **1** മുതൽ **37** പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് **37 X 365 = 13505** രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കിയിട്ടുള്ളത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത് സംബന്ധിച്ചും, **39** ബിന്നുകൾ വിതരണം ചെയ്തപ്പോൾ **37** ഗുണഭോക്താക്കളിൽ നിന്ന് മാത്രം ഗുണഭോക്തൃ വിഹിതം ഈടാക്കിയത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(21/28.10.2025)** ഒരു ജി - ബിൻ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ അവശേഷിക്കുന്നത് ഉടൻ വിതരണം ചെയ്യുന്നതാണെന്നും സാമ്പത്തിക വർഷം അവസാനിച്ച സമയത്ത് ലഭ്യമായ **2** ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം **2 X 365 = 730** രൂപ നിലവിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൈവശമുണ്ടെന്നും **01.04.2025** മുതൽ കെ-സ്മാർട്ട് ആയതിനാൽ നിലവിലും ഇ-പോസ് മെഷീൻ ലഭ്യമാകാത്തതിനാൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ലെന്നും ഉടൻ തന്നെ അടവാക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ ലഭ്യമായ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ കൈയ്യിൽ സൂക്ഷിക്കുന്നത് ആശാസ്യമല്ല. ആയത് ഉടൻ തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. ബാക്കിയുള്ള ജി – ബിൻ വിതരണം ചെയ്ത് വിവരം അറിയിക്കുന്നതുവരെ ആയതിന്റെ ചെലവ് **3655/-** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ലൈഫ് ഭവനനിർമ്മാണം -തിരിച്ചടച്ച തുക തനത് ഫണ്ടിൽ അവശേഷിക്കുന്നു

ലൈഫ് ഭവനപദ്ധതിക്കായി **11.03.2020** ൽ **39480/-** രൂപ അഡ്വാൻസ് കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താവ് മേൽ തുക പഞ്ചായത്തിലേക്ക് തിരിച്ചടച്ചതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തിരിച്ചടച്ച തുക | രസീത് നം, തീയതി |
|---|---|---|---|
| **1** | ലീലാമ്മ നാവളത്തുംപറമ്പിൽ | **57411 (39480 + 17931(പലിശ))** | **1230101319/ 15.12.2023** |

ടി തുക ഏത് ഫണ്ട് മുഖേന നൽകിയതാണെന്നുള്ള വിവരവും മേൽ തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(20/28.10.2025)** മേൽ തിരിച്ചടവ് സംബന്ധിച്ച് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് നടന്നത് വികസനഫണ്ടിൽ നിന്നാണെങ്കിൽ സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക്

തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

കോരുത്തോട് ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിയ്ക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി തുകകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല

| ക്രമ നം. | ഗുണഭോക്താക്കളുടെ വിവരം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ഫസീല ഷെഫീക്ക്, പുതുപ്പറമ്പിൽ | 260000 | 02.07.2019 |
| 2 | ബേബി, കൂരപ്ലാക്കൽ | 350000 | 28.09.2022 |
| 3 | പൊടിയമ്മ, വെമ്പാലയിൽ | 350000 | 27.02.2023 |
| 4 | പുഷ്പ കെ കെ, വിളയിൽ | 350000 | 17.05.2022 |
| 5 | ഗിരിജ, മഠത്തേടത്ത് | 300000 | 11.01.2023 |
| 6 | മേരി പി എം,അറവനാട്ട് | 200000 | 17.11.2022 |
| 7 | മറിയം ഒ ജെ, പുള്ളിക്കല്ലിൽ | 40000 | 30.06.2022 |
| 8 | തങ്കമ്മ, മന്നാംപറമ്പിൽ | 200000 | 10.01.2019 |
| 9 | ഓമന സജി,വാലോലിക്കൽ | 350000 | 30.07.2020 |
| 10 | സുജാത പ്രദീപ്, പുല്ലാനിക്കേരിയിൽ | 350000 | 14.10.2020 |
| 11 | മായ,പൂതക്കുഴിയിൽ | 350000 | 10.10.2022 |
| 12 | ആതിര, പഴുവത്തടത്തിൽ | 350000 | 30.12.2022 |
| 13 | സരസമ്മ, ചറ്റുവട്ടിയിൽ | 360000 | 22.11.2023 |
| 14 | ശശി പി ജെ, പുളിക്കൽ | 350000 | 23.06.2023 |
| 15 | അജേഷ്, മാമ്പറമ്പിൽ | 350000 | 30.12.2022 |
| 16 | സാം എം റ്റി, മുകളുംപുറത്ത് | 200000 | 05.08.2022 |
| 17 | പി ഡി കുഞ്ഞുമോൻ, പുതുപ്പറമ്പിൽ | 217120 | 11.12.2023 |
| 18 | അനിൽ എ എ, അക്കത്താഴെ | 40000 | 24.06.2023 |
| 19 | സുരേഷ് കുമാർ പി റ്റി, പുത്തൻപറമ്പിൽ | 40000 | 24.06.2023 |
| 20 | സുമതി, വെള്ളാംകുന്നേൽ | 210000 | 07.10.2023 |
| 21 | ഹരിദാസ് കെ കെ,കുഞ്ഞുപ്ലാക്കൽ | 100000 | 28.03.2023 |
| 22 | മനോജ് എ പി, ആനക്കല്ലിൽ | 60000 | 24.06.2023 |
| 23 | ഹാനോക്ക്, പുതിയവീട്ടിൽ | 40000 | 20.10.2023 |

ഈ ഗുണഭോക്താക്കൾ തുടർ നിർമ്മാണം നടത്തി ഭവനനിർമ്മാണം പൂർത്തീകരിച്ചിരുന്നോ എന്നും ഇല്ലായെങ്കിൽ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(19/28.10.2025)** ക്രമ നം. **1, 2, 3, 4, 5, 6, 9, 10, 11, 13** എന്നീ ഗുണഭോക്താക്കളുടെ വീടുപണി നടന്നു വരുന്നെന്നും ക്രമ നം. **7, 8, 12, 14, 15, 16, 17, 18, 19, 20, 21, 22, 23** എന്നീ ഗുണഭോക്താക്കളുടെ വീടുപണി നിലവിൽ നടക്കുന്നില്ല എന്നും അവർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാത്ത മേൽ ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും ക്രമ നം. **7, 18, 19, 22, 23,** എന്നീ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-33 അതിദാരിദ്ര്യ നിർമ്മാർജ്ജനം - ജനകീയ ഹോട്ടൽ എന്ന പ്രോജക്റ്റിൽ നിന്നും ചെലവഴിച്ചിരിക്കുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിലെ ജനകീയ ഹോട്ടലിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | ചെലവ് | ഫണ്ട് | സപ്ലൈകോയിൽ നിന്നുള്ള | ബിൽ നം., |
|---|---|---|---|---|

| | | | ബില്ലുകൾക്കായി ചെലവഴിച്ച തുക | തീയതി |
|---|---|---|---|---|
| **S0177/25** – ജനകീയ ഹോട്ടൽ | **24609/-** | വികസന ഫണ്ട് – പൊതുവിഭാഗം | **24609/-** | **114/02.09.24, 24609/-രൂപ** |
| **S0123/25** – ജനകീയ ഹോട്ടൽ – വാടക നൽകലും അനുബന്ധ ചെലവുകളും | **83237/-** | വികസന ഫണ്ട് – പൊതുവിഭാഗം | **19006/-** | **115/02.09.14, 4103/-രൂപ 209/16.12.24, 38529/-രൂപ 382/20.03.25, 40605/-രൂപ ആകെ 83237/-** |
| ആകെ | **107846/-** | | **43615/-** | |

മേൽ പ്രോജക്ടുകൾ പ്രകാരം കെട്ടിട വാടക, വെള്ളക്കരം മുതലയാവക്ക് പുറമെ **43615/-** രൂപ സപ്ലൈകോ-യിൽ നിന്നുള്ള ബില്ലുകൾ പ്രകാരം പലവ്യഞ്ജനങ്ങൾ വാങ്ങി നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലുകളുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനാണ് വാടക/ വെള്ളക്കരം/ മറ്റ് സഹായങ്ങൾ/ ചെയ്തു നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുള്ളത്. ഇതേ പ്രോജക്ട് പ്രകാരം പലവ്യഞ്ജനങ്ങൾ വാങ്ങി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(22/28.10.2025)** അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി രൂപീകരിച്ച പ്രോജക്ട് നം. **125/25, 170/25** എന്നിവയുടെ ചെലവുകളാണ് മേൽപ്പറഞ്ഞ ബില്ലുകളിലൂടെ മാറി നൽകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന പ്രോജക്ടിന് വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചിട്ടുള്ളതാണ്. അതിദരിദ്രർക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന രജിസ്റ്റർ സപ്ലൈകോയിലാണ് സൂക്ഷിക്കുന്നത്. ഗുണഭോക്താക്കൾക്ക് സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിൽ നിന്നും **43615/-** രൂപയുടെ ബില്ലുകൾ അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനാണോ ചെലവഴിച്ചതെന്ന് വ്യക്തമല്ല. പ്രോജക്ട് മാറി ചെലവഴിച്ചതിന്റെ കൃത്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ആയതു വരെ ഈ ഇനത്തിലുള്ള **43615/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതയിൽ വ്യക്തത വരുത്തി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ക്ലീൻ കേരള കമ്പനിക്ക് ജി.എസ്.ടി ഉൾപ്പെടെയുള്ള തുക നൽകി

| | |
|---|---|
| പദ്ധതി | **S0277/25-** ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | **150000** (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | **109527** (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ വിശദാംശങ്ങൾ | ബിൽ നം- **2/24-25/ 07.-2.25- 104127** രൂപ<br>ബിൽ നം- **17/24-25/24.03.25- 5400** രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പുനചംക്രമണ യോഗ്യമല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു കിലോ ഗ്രാമിന് **10** രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് **109527/-** രൂപ (കമ്പനി സമർപ്പിച്ച ടാക്സ് ഇൻവോയിസ് പ്രകാരം) കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനി സമർപ്പിച്ച **10** ടാക്സ് ഇൻവോയിസുകളിൽ താഴെ കൊടുത്തിരിക്കുന്ന **3** ഇൻവോയിസുകൾ പ്രകാരം മാലിന്യ നീക്കത്തിന് ജി.എസ്.ടി **(18%)** ഉൾപ്പെടെയുള്ള തുകയാണ് കൈമാറിയിട്ടുള്ളത്.

| ക്രമ നമ്പർ | ഇൻവോയിസ് വിശദാംശങ്ങൾ | ജി.എസ്.ടി ഉൾപ്പെടെയുള്ള തുക | ജി.എസ്.ടി |
|---|---|---|---|
| **1** | എസ്.ഇ.ആർ **0151/ 23.06.20** | **7735** | **1170** |
| **2** | എസ്.ഇ.ആർ **0256/ 17.08.20** | **9996** | **1512** |
| **3** | എസ്.ഇ.ആർ **0252/ 17.08.20** | **21896** | **3312** |
| | ആകെ | | **5994** |

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ നീക്കവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ജി.എസ്.ടി ഈടാക്കേണ്ടതില്ലാത്തതിനാൽ പരാമർശിത പ്രവൃത്തികൾക്ക് ജി.എസ്.ടി നൽകിയത് ക്രമപ്രകാരമല്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/29.10.25) ആയത് മനഃപൂർവ്വമല്ലാതെ സംഭവിച്ച പിഴവാണെന്നും തൻ വർഷം ക്ലീൻ കേരള കമ്പനിക്ക് അനുവദിക്കുന്ന തുകയിൽ നിന്ന് പരാമർശ വിധേയമായ 5994/- രൂപ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആയത് വരെ ഈ ഇനത്തിലുള്ള 5994/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 സർക്കാർ മാർഗ്ഗ നിർദ്ദശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | S0105/25- ഹരിത കർമ്മ സേന വാഹന വാടക നൽകലും അനുബന്ധ പ്രവർത്തനങ്ങളും |
| അടങ്കൽ | 100000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 100000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ഹരിത കർമ്മ സേന വാഹന വാടക നൽകൽ, ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രജിസ്റ്റർ വാങ്ങൽ, ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തന ക്ഷമത വിലയിരുത്തുന്നതിനായി വിവര ശേഖരണം എന്നിവയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനായി ഭവന സന്ദർശനം നടത്തിയ ടീമുകൾക്ക് (ഹരിത കർമ്മ സേനാംഗങ്ങൾ കുടുംബശ്രീ അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ) ഭക്ഷണം നൽകുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം 18597/- രൂപ ചെലവഴിച്ചിട്ടുണ്ട്. (Acr Bill No 323/07.03.25 പ്രകാരമുള്ള 21180/- രൂപയിൽ 13680/- രൂപ + 455/28.03.25 പ്രകാരമുള്ള 14944/- രൂപയിൽ 4917/- രൂപയും) സർക്കാർ ഉത്തരവ് 2498/24 /lsgd/19.12.24 പ്രകാരം ഭവന സന്ദർശനം നടത്തുന്ന ഗ്രൂപ്പുകൾക്കുള്ള ഭക്ഷണം, വെള്ളം എന്നിവക്കുള്ള ചെലവ് തനത് ഫണ്ട് / സ്പോൺസർഷിപ്പ് എന്നിവ വഴിയാണ് നടത്തേണ്ടത്. എന്നാൽ പദ്ധതി പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)പ്രകാരമാണ് പദ്ധതി ചെലവ് നടത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/29.10.25) തനത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പരാമർശിത റിഫ്രഷ്മെന്റ് ചെലവുകൾക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നത് ശരിയായ രീതിയല്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പൂർത്തീകരണം താമസിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 വർഷം നടപ്പിലാക്കിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തി കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികമാകാൻ പാടില്ല. എന്നാൽ ഈ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടില്ല. ആയതിനാൽ, പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുത്ത ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ (PACയുടെ) 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തികളിൽ 2116.1 പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കാതെയാണ് ഫൈനൽ ബിൽ നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര്, | S0150/25- ആയുർവേദ ആശുപത്രി മെയിന്റനൻസ് |

| | |
|---|---|
| ചെലവ് | **195117 (റോഡിതരം)** |
| പൂർത്തീകരണ കാലയളവ്, | **5 മാസം** |
| സൈറ്റ്കൈമാറിയ തീയതി | **16/02/2023** |
| പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത് | **15/07/2023** |
| പ്രവൃത്തി പൂർത്തിയാക്കിയത് | **24/03/2024** |
| കരാറുകാരൻ | പി.എൻ. വേണുക്കുട്ടൻ നായർ |
| പിഴ ഈടാക്കേണ്ട കാലയളവ് | **36 ആഴ്ചകൾ** |
| പി.എ.സി | **168775/-** |
| ചെലവ് വിവരങ്ങൾ | എസി ആർ ബിൽ നം. **47/16.05.24** രൂപ **195117/-** |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | **6076/-** |

മേൽ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/29.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണം താമസിച്ചതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃത ഫൈൻ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-37 ഇ-ടെൻഡർ ഫീസ്- സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള അക്കൗണ്ട് ആരംഭിച്ചിട്ടില്ല

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എഞ്ചിനീയർമാരുടെ പേരിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ച് ടെൻഡർ ഫീസുകൾ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാനും തുടർന്ന് അത് യഥാകാലം ഗ്രാമപഞ്ചായത്തിന് കൈമാറി നൽകാനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ **02.10.2017**-ലെ ജി.ഒ(എംഎസ്)**3186/2017** നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ കോരുത്തോട് ഗ്രാമ പഞ്ചായത്തിൽ ഈ ആവശ്യത്തിനായി ഒരു അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ വാർഷിക പദ്ധതിയിൽ (ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന) മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ നിലവിൽ കോട്ടയം ജില്ലാ പഞ്ചായത്ത് ഡിവിഷൻ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കി വരുന്നത്. നാളിതു വരെ ഇപ്രകാരം ഒടുക്കിയിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/30.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫീസുകൾ ക്രെഡിറ്റ് ചെയ്യാൻ പുതിയ ബാങ്ക് അക്കൗണ്ട് ആരംഭിച്ച്, നടപ്പു സാമ്പത്തികവർഷം മുതൽ ഈയിനത്തിലെ ഇടപാടുകൾ പ്രസ്തുത അക്കൗണ്ടു മുഖേന നടത്തേണ്ടതും ഇതിനോടകം എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ തുക തിരികെ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1- 38 റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലി ബാരൽ വില, ജി.എസ്.റ്റി. എന്നിവ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില, ജി.എസ്.റ്റി എന്നിവ കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം/ പേര് | കുറവ് ചെയ്ത ബാരൽ വില, ജി.എസ്.ടി ഉൾപ്പെടെ |
|---|---|---|
| **1** | **S0209/25**-കോരുത്തോട് **40**- ഏക്കർ റോഡ് റീ ടാറിംഗ് | **5056** |
| **2** | **S0214/25**-നാൽപ്പതേക്കർ- തണ്ടാം പറമ്പിൽ റോഡ് മെയിന്റനൻസ് | **3934** |
| **3** | **S0205/25**- അടുപ്പുകല്ലേൽ പടി- ചാന്നപ്ലാവ് റോഡ് റീടാറിംഗ് | **8146** |

| | | |
|---|---|---|
| 4 | **S0114/25 എസ്.എൻ.ഡി.പി ജംഗ്ഷൻ- 116 റോഡ് മെയിന്റനൻസ്** | **11514** |
| | ആകെ | **28650** |

മേൽ തുക ഏത് ശീർഷകത്തിലാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/30.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലി ബാരൽ വില, ജി.എസ്.റ്റി. എന്നിവ സർക്കാരിലേക്ക്/വകുപ്പിലേക്ക് ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

## 1- 39 ജലജീവൻ മിഷൻ പദ്ധതി -അവലോകനം

100% ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ബൃഹത്തായ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ജലക്ഷാമത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതായിരുന്നു ടി പദ്ധതി.

കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ മെയിൻ ടാങ്കുകൾ സ്ഥാപിക്കുന്നതിന് 2023-24 വർഷം 720000/- രൂപ ചെലവഴിച്ച് സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും ടാങ്കുകൾ സ്ഥാപിക്കുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ കൈമാറുന്നതിന് നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് മറ്റ് പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല. എം എൽ എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാളിതുവരെ കോരുത്തോട് ഗ്രാമപഞ്ചായത്തിന് ജലജീവൻ മിഷൻ പദ്ധതിക്കായി തുക ലഭിച്ചിട്ടില്ല.
സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സാധ്യമാക്കുന്നതിനായി ഭരണസമിതിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ജലജീവൻ മിഷൻ പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

## 1-40 ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

**ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും.**

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | **G.O(Rt) No. 2132/2022/LSGD Dated 31.08.2022** |
| 2 | **G.O(Rt) No. 2156/2022/LSGD Dated 01.09.2022** |
| 3 | **G.O(Rt) No. 3157/2022/LSGD Dated 21.12.2022** (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | **G.O(Rt) No. 1078/2022/LSGD Dated 20.05.2023** (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | **Circular No. FM3/138/2023/LSGD Dated 23.05.2023** |
| 6 | **G.O(Rt) No. 1625/2023/LSGD Dated 09.08.2023** |

ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ .

**1.** സ്കീം **1-** കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

**2.** സ്കീം **2-** ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

**3.** സ്കീം **3-** ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

**4.** സ്കീം **4-** ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

**5.** സ്കീം **5 -** നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

**6.** സ്കീം **6** – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ അവസ്ഥ

കോരുത്തോട് ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - **2** ( **1** പ്രാഥമിക ആരോഗ്യ കേന്ദ്രവും **1** ഉപകേന്ദ്രവും), ഹോമിയോപ്പതി - **1**, ആയുർവേദ – **1** എന്നിങ്ങനെ **4** ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആയുഷ് ഹോമിയോ ഡിസ്പെൻസറി **13**-ാം വാർഡിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസം അധിക തുക വാടക ഇനത്തിൽ നൽകുന്നില്ല. സ്ഥലമില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം വാങ്ങി നൽകുകയോ സൗജന്യമായി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

**2022-23** വർഷം മുതൽ **2024-25** വർഷം വരെ ലഭ്യമായതും (**2021-22** വർഷം മുതൽ **2023-24** വർഷം വരെ അനുവദിച്ച തുകകൾ) ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| തുക അനുവദിച്ച വർഷം | തുക ലഭ്യമായ വർഷം | ഇനം | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാക്കി തുക | ശതമാനം |
|---|---|---|---|---|---|---|
| **2021-22** | **2022-23** | സ്കീം **3** ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | **123303** | **123303** | **0** | **100** |
| **2021-22** | **2022-23** | സ്കീം **1** കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | **0** | **0** | **0** | **0** |
| **2021-22** | **2022-23** | സ്കീം **4** ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | **60000** | **60000** | **0** | **100** |
| **2022-23** | **2023-24** | സ്കീം **3** ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | **728000** | **18988** | **709012** | **2.6** |

| | | | | | | |
|---|---|---|---|---|---|---|
| **2022-23** | **2023-24** | സ്കീം 1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | **0** | **0** | **0** | **0** |
| **2022-23** | **2023-24** | സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | **317000** | **284723** | **32277** | **89.8** |
| **2023-24** | **2024-25** | സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | **304000** | **0** | **304000** | **0** |
| **2023-24** | **2024-25** | സ്കീം 1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | **0** | **0** | **0** | **0** |
| **2023-24** | **2024-25** | സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | **504000** | **0** | **504000** | **0** |

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായുള്ള ബാങ്ക് അക്കൗണ്ടുകൾ.

ബാങ്ക് ഓഫ് ബറോഡ, മുണ്ടക്കയം ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | **81390100009479** |
| സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | **81390100009477** |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | **81390100009478** |

കോരുത്തോട് ഗ്രാമപഞ്ചായത്തിന് സ്കീം 1 ൽ അലോട്ട്മെന്റ് ലഭ്യമായിട്ടില്ല. എന്നാൽ **2021-22** വർഷം അനുവദിച്ച സ്കീം **3** യുടെ തുക സ്കീം **1**-ന് കീഴിലുള്ള അക്കൗണ്ടിൽ ആണ് ലഭ്യമായത്. മേൽ രണ്ട് സ്കീമിന്റെയും അക്കൗണ്ടുകൾ സ്കീം **3**-യുടെ കീഴിലായാണ് മാപ്പ് ചെയ്തിട്ടുള്ളത്. സ്കീം **1**-ന് കീഴിൽ **81390100009477** എന്ന അക്കൗണ്ട് മാപ്പ് ചെയ്തു നൽകുന്നതിനും സ്കീം **3** ഇനത്തിൽ സ്കീം **1** ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ തുക സ്കീം **3** യുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അനുവാദത്തിനും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും **01.03.2025** ൽ കത്ത് നൽകിയിട്ടുണ്ട്.

ഗ്രാന്റുപയോഗിച്ച് നടന്നുവരുന്ന പ്രവർത്തനങ്ങൾ.

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. ചെലവാകാതെ അവശേഷിക്കുന്ന തുകകൾ **2025-26**

വർഷത്തെ പ്രോജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളുടെ എച്ച് എം സി ഫണ്ടിലേക്ക് ഹെൽത്ത് ഗ്രാന്റ് തുകകൾ കൈമാറിയിട്ടില്ല. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാണ് നിർവ്വഹിക്കുന്നത്.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതിനാൽ നിലവിലുള്ള പി എച്ച് സി-യിൽ പുതിയ ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയിട്ടില്ല.

കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഒരു ഹെൽത്ത് വെൽനസ് സെന്ററാണുള്ളത്. മേൽ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ആരോഗ്യ വർദ്ധക സേവനങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ, വാർഷിക ആരോഗ്യ പരിശോധനകൾ എന്നിവ നടത്തുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്.
ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾ രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം - ഈടാക്കൽ, ഒടുക്ക് വിശദാംശങ്ങൾ

**മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് | മെഡിസെപ് | മെഡിസെപ് | ഒടുക്കാൻ | റിമാർക്ക്സ് |
|---|---|---|---|---|

| വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ബാക്കി നിൽക്കുന്ന തുക | |
|---|---|---|---|---|
| **9** | **66000** | **66000** | ഇല്ല | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

**മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| **1** | **2/2025** | ഇല്ല | **1000** | | |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| **2024-25** | **21-07-2025** |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | വർഷം | | | | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | **2024-25** | **83170** | പാലിയേറ്റീവ് കെയർ യൂണിറ്റ് **S0082/25** | **83170** | **0** |
| | **2024-25** | **1320000** | ലൈഫ് മിഷൻ ജനറൽ**S0030/25** | **1320000** | **0** |
| | **2024-25** | **940000** | ലൈഫ് മിഷൻ **SCP S0126/25** | **940000** | **0** |
| | **2024-25** | **94350** | ഭിന്നശേഷി സ്കോളർഷിപ്പ് **S0106/25** | **94350** | **0** |
| | **2024-25** | **1460740** | വിവിധ വാർഡുകളിൽ സോളാർ മിനിമാസ്റ്റ് ലൈറ്റ് **S0237/25** | **1460740** | **0** |
| | **2024-25** | **500000** | കൊമ്പുകുത്തി ഈറ്റപ്പലം കുഴി റോഡ് കലുങ്ക് **S0183/25** | **500000** | **0** |
| ആകെ | | **4398260** | | **4398260** | |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | **2024-25** | **46665** | പാലിയേറ്റീവ് കെയർ യൂണിറ്റ്**S0 171/25** | **46665** | **0** |
| | **2024-25** | **226812** | പാലിയേറ്റീവ് കെയർ യൂണിറ്റ് **S0082/25** | **226812** | **0** |
| | **2024-25** | **1000000** | ലൈഫ് മിഷൻ **SCP S0126/25** | **1000000** | **0** |
| | **2024-25** | **190000** | ലൈഫ് മിഷൻ **TSP S0228/25** | **190000** | **0** |
| | **2024-25** | **288385** | അങ്കണവാടി പോഷകാഹാരം **S0099/25** | **288385** | **0** |
| | **2024-25** | **155800** | ഭിന്നശേഷി സ്കോളർഷിപ്പ് **S0106/25** | **155800** | **0** |
| | **2024-25** | **250000** | **SNDP** ജംഗ്ഷൻ **-116** റോഡ് **S0190/25** | **250000** | **0** |
| | **2024-25** | **149910** | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി **S0139/25** | **149910** | **0** |
| ആകെ | | **2307572** | | **2307572** | |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക/ ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കൽ **244/2025** | **414/22.03.25** രൂപ **676480/-** **303/28.02.25** രൂപ **27090** ആകെ **703570/-** | **703570** | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ എസ് ഇ ബി | ശബരിമല തീർത്ഥാടനം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ**254/2025** | **24/04.07.24** | **17754** | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി.ഒ(എം.എസ്) 68/2018, 18.05.2018, | 1794300 | 25466086 | 2506491 | | 24753895 |

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം, തൻ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 1, അനുബന്ധം-3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-4 | 2016-17 | 2, അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5 | 2016-17 | 2, അനുബന്ധം-5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്, (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 34858885 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്, (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 34858885 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (I&E) | : | 145283399 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (I&E) | : | 141996846 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1095837/- |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

വ്യക്തമായ നഷ്ടം റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| **1-22** | **300000/-** | ശ്രീമതി രജനിമോൾ റ്റി ഡി, സെക്രട്ടറി |
| **1-24** | **16000/-** | ശ്രീമതി രജനിമോൾ റ്റി ഡി, സെക്രട്ടറി |
| **1-26** | **721324/-** | ശ്രീമതി രജനിമോൾ റ്റി ഡി, സെക്രട്ടറി |
| **1-29** | **5249/-** | ഡോ. അഞ്ചു പി.എ, മെഡിക്കൽ ഓഫീസർ **(FHC)** |
| **1-30** | **3655/-** | ശ്രീ. രങ്കു സുരേഷ് , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| **1-33** | **43615/-** | ശ്രീ. രങ്കു സുരേഷ് , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| **1-34** | **5994/-** | ശ്രീ.സിയാദ് സി.ഐ. അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | **1095837/-** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ**,** മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| **2009-10, 2010-11** | കെ.എസ്.എ.-കെ.ടി.എം.പി**11/**അദാ**-2022/377(1) /2022/ 26.08.2022** | **03** |
| **2011-12, 2012-13** | കെ.എസ്.എ.-കെ.ടി.എം.പി**11/**അദാ**-2022/377(2) /2022/ 26.08.2022** | **10** |
| **2013-14, 2014-15** | കെ.എസ്.എ.-കെ.ടി.എം.പി**11/**അദാ**-2022/377(3) /2022/ 26.08.2022** | **5** |
| **2015-16** | കെ.എസ്.എ.-കെ.ടി.എം.പി**11/**അദാ**-2022/377(4) /2022/ 26.08.2022** | **4** |
| **2016-17** | കെ.എസ്.എ.-കെ.ടി.എം.പി**11/**അദാ**-2022/377(5) /2022/ 26.08.2022** | **3** |

| | | |
|---|---|---|
| **2017-18** | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(6)/2022/ 26.08.2022 | **9** |
| **2018-19** | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2022/377(7)/2022/ 26.08.2022 | **16** |
| **2019-20** | കെ.എസ്.എ.-കെ.ടി.എം.പി11/1085/2022/ 02.07.2022 | **11** |
| **2020-21** | കെ.എസ്.എ.-കെ.ടി.എം.പി11/1400/2022/14.12.2022 | **23** |
| **2021-22** | കെ.എസ്.എ.-കെ.ടി.എം.പി11/447/2023/27.12.2024 | **18** |
| **2022-23** | കെ.എസ്.എ.-കെ.ടി.എം.പി11/1818/2023/25.03.2024 | **42** |
| **2023-24** | കെ.എസ്.എ.-കെ.ടി.എം.പി11/1973/2024/28.02.2025 | **36** |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6 dated 6 dated 30-06-2025 and submitted on 21-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Koruthode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Koruthode Grama Panchayat as on 31-03-2025

**Date: 26/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Koruthode Grama Panchayat for the Year 2024-2025.

### 1.Major Observations

**1. Due to defects in preparing the accounts, the Panchayat General Fund has been recorded as negative**

**2. The classification and valuation of assets have not been updated.**
**3. The accumulated depreciation has exceeded the value of the asset**

### 2.Other Observations

**1. The details of the amounts disbursed as part bills have not been included under the schedule 'Capital Work in Progress**
**2. Instead of posting monthly journal entries for the income to be accrued, the demand entry was posted only at the year-end**
**3. The amount received for joint venture projects has been incorrectly recorded in the annual financial statement**

**4. The balance of the Central Finance Commission Grant as per Schedule B4 and the bank balance as per Schedule B17 does not reconcile.**

**5. Since the 'Government/Other Dues Register' has not been maintained, the accuracy of the amount under that heading is not clear**

**6. The amounts deposited with various implementing agencies are not being settled/adjusted**

**7. The amounts in the Deposit Register and the Advance Register have not been reconciled with the annual financial statement**

**8. The accuracy of the amount recorded as 'Capital Contribution' is not clear due to the absence of supporting documents**

**9. The valuation of stocks is not being carried out and included in the annual financial statement**

**10. The accuracy of the Special Purpose Funds carried over from previous years cannot be ensured**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്